കേരള സർക്കാർ
സംഗ്രഹം

വനംവകുപ്പ് - പീച്ചി റെയ്ഞ്ചിലെ പുത്തൂർ അയ്യംപിള്ളി 1924-1925 - 1927 തേക്കുതോട്ടത്തിലെ തേക്കുകൂറ്റികൾ വേരുകൾ എന്നിവ ശില്പനിർമ്മാണത്തിന് പിഴുതുകൊണ്ടുപോകാനുള്ള അവകാശം നിയമാനുസരണം ലേലംചെയ്യുന്നതിന് അനുവാദം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം. വന്യജീവി (ബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാരണ) നം.51/93/വനം. തിരുവനന്തപുരം, തീയതി, 3-2-1993

---

പരാമർശം: 1. ശ്രീ. കെ. ജി. സുനിൽകുമാർ, കുറ്റിക്കാട് പറമ്പിൽ വീട്, ചെറുവഞ്ചേരി, ചൊവൂർ, തൃശ്ശൂർ 20-2-1992 ൽ വനംവകുപ്പ്മന്ത്രി മുൻപാകെ സമർപ്പിച്ച അപേക്ഷ.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28-4-1992-ലെ എഫ്.യു.(3) 9841/92 നംബർ കത്ത്.

--------

പരാമർശം ഒന്നിലെ അപേക്ഷയിൽ തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷനിലെ പീച്ചി റേഞ്ചിൽ പുത്തൂർ വനംവകുപ്പുവക മുളംതോട്ടത്തിൽനിന്നും മുൻപ് മുറിച്ചു നീക്കിയ തേക്കുമരങ്ങളുടെ കുറ്റി ശിൽപ നിർമ്മാണത്തിനായി ശ്രീ. കെ.ജി.സുനിൽകുമാർ സ്വന്തം ചിലവിൽ നീക്കംചെയ്യുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

രണ്ടാം പരാമർശ്ശതതിൽ 1990-91 ൽ പീച്ചി റെഞ്ചിലെ പുത്തൂർ അയ്യംപിള്ളി 1924, 25, 27 തേക്കുതോട്ടത്തിലെ ഉദ്ദേശം 10 ഹെക്ടർ വരുന്ന സബ്കൂപ്പിൽ ഉള്ള തേക്ക് കുറ്റികൾ സ്വന്തം ചിലവിൽ പിഴുതുകൊണ്ടുപോകാനുള്ള് അവകാശം നിയമാനുസരണം ലേലം ചെയ്തു കൊടുക്കാവുന്നതാണെന്നും, കുറ്റികൾ പിഴുതു മാറ്റുംപോൾ ഉണ്ടാകുന്ന കുഴികൾ ലേലക്കാരൻ മണ്ണിട്ട് നികത്തണമെന്ന് വ്യവസ്ഥചെയ്യണമെന്നും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ്ശചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോദിച്ചശേഷം നിലവിലുള്ള മുളം തോട്ടത്തിന് ഒരുതരത്തിലും ഹാനികരമാകാത്ത രീതിയിൽ മാത്രമേ കുറ്റിപിഴുതെടുത്തു കൊണ്ടുപോകാവൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശുപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. പത്മനാഭ കുറുപ്പ്,
ജോയിന്റ് സെക്രട്ടറി.

<u>മേലെഴുത്ത് നം.എഫ്യു(3)9841യ92 തീയതി 25-2-1993</u>

പകർപ്പ് തൃശൂർ കൺസർവേറ്റർക്ക് അനന്തര നടപടിയ്ക്കും റിപ്പോർട്ടിനും വേണ്ടി അയയ്ക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി.

പകർപ്പ്. സ്റ്റോക്ക് ഫയൽ

എസ്.എസ്.എൽ. 1-3